# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47 — 24.01.2018 -ൽ മറുപടിക്ക്

## പെപ്പർ ടൂറിസം വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പെപ്പർ എന്ന പേരിൽ ജനപങ്കാളിത്തത്തോടെയുള്ള ടൂറിസം വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് പെപ്പർ (പെപ്പർ -പീപ്പിൾസ് പാർട്ടിസിപ്പേറ്ററി ടൂറിസം പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം). ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പാണ് പെപ്പർ ടൂറിസം പദ്ധതി. ടൂറിസം വികസനം മേൽത്തട്ടിൽ നിന്നുള്ള പ്രഖ്യാപനങ്ങൾ മാത്രമല്ലെന്ന് കണ്ട് പ്രാദേശിക ജനകീയ ചർച്ചകളിലൂടെ ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വാംശീകരിച്ച് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ ടൂറിസം വകുപ്പിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ടൂറിസം മേഖലയിൽ സാധ്യതയുള്ള ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പ്രക്രിയയാണിത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുക എന്നതാണ് ലക്ഷ്യം. |
| ബി) ഇത് ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തി നടത്താനാണ് | ബി) പെപ്പർ പദ്ധതി ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്നത് വൈക്കത്താണ്. വൈക്കത്തെ |

| | |
|---|---|
| ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂട്ടിയിണക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. ആദ്യഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം, വെച്ചൂർ, തലയാഴം, കല്ലറ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും രണ്ടാം ഘട്ടത്തിൽ തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകും. 2017 നവംബർ മാസത്തിൽ ആരംഭിച്ച വൈക്കം പെപ്പർ പദ്ധതി പ്രവർത്തനം വിവിധ ഘട്ടങ്ങളിലൂടെ 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പെപ്പർ പദ്ധതി ഘട്ടംഘട്ടമായി കേരളത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 2018-19 ൽ 20, 2019-20 ൽ 20, 2020-21 ൽ 10 എന്നിങ്ങനെ 50 കേന്ദ്രങ്ങളിൽ കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| സി) സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ഈ സ്കീമിൽ ഉൾപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? | സി) പുതിയ ടൂറിസം കേന്ദ്രങ്ങളെ ജനപങ്കാളിത്തത്തോടെ കണ്ടെത്തി വികസിപ്പിക്കുന്നതിന് പെപ്പർ പദ്ധതി ഉദ്ദേശിക്കുന്നു. പുതിയ ടൂറിസം നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്താൻ ഉത്തരവാദിത്ത ടൂറിസം മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.